## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4006 25.06.2018 ലെ മറുപടിയ്ക്ക്

### ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതിൽ കാലതാമസം

| | ചോദ്യം<br><br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br><br>ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഈ പദ്ധതിയിൽ അപേക്ഷകർ അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി നൽകുന്ന അപേക്ഷയുടെ ഹാർഡ് കോപ്പി പിന്നീട് ബ്ലോക്ക് ഓഫീസിലും നൽകണമെന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടിയെടുക്കുമോ ; | (ബി) | തൽക്കാലം പരിഗണനയിലില്ല. |
| സി) | ഏറനാട് നിയോജകമണ്ഡലത്തിൽ നിന്നും 2017 ജനുവരി മുതൽ 2018 മേയ് വരെ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ എത്രയെണ്ണത്തിന് സഹായവിതരണം നൽകിയെന്നും | (സി) | 2017 ജനുവരി മുതൽ 2018 മേയ് വരെ t-grantz സൈറ്റ് മുഖേന 54 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 39 എണ്ണത്തിന് ധനസഹായം നൽകി. ഇതിൽ 15 ആളുകൾക്ക് തുക വിതരണം ചെയ്യാനുണ്ട്. |

| | | | |
|---|---|---|---|
| | ഇനി എത്ര ആളുകൾക്ക് സഹായവിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; | | |
| ഡി) | ഏറനാട് എം.എൽ.എ യുടെ ശിപാർശ പ്രകാരം നൽകിയ പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാ സഹായ അപേക്ഷകളിൽ എത്ര എണ്ണം പെന്റിങ് ആയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവരുടെ പേരും വിലാസവും ലഭ്യമാക്കാമോ; ഇവർക്ക് ധനസഹായം നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) | പട്ടികജാതി വിഭാഗത്തിൽ എം.എൽ.എ-യുടെ ശിപാർശ സഹിതം വന്ന 2 അപേക്ഷയിൽ തുക വിതരണം ചെയ്യാനുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.<br>1. വേലായുധൻ,<br>മേലാപറമ്പിൽ വീട്,കുനിയിൽ,കീഴ്പറമ്പ്<br>2. കാളി പേങ്ങാടൻ<br>പെയിലായി,എരിഞ്ഞിമങ്ങാട്<br>പട്ടികവർഗ്ഗ വിഭാഗത്തിൽ അപേക്ഷകളൊന്നും തന്നെ പെൻഡിംഗില്ല. |

**സെക്ഷൻ ഓഫീസർ**